**മധുരമായ കുട്ടികളെ - നിങ്ങൾ പുരുഷോത്തമ സംഗമയുഗീ ബ്രാഹ്മണർ ഇപ്പോൾ ഈശ്വരന്റെ മടിത്തട്ടിൽ വന്നിരിക്കുകയാണ്, മനുഷ്യനിൽ നിന്ന് ദേവതയായി മാറണമെങ്കിൽ നിങ്ങൾക്ക് ദൈവീക ഗുണങ്ങളും ആവശ്യമാണ്.**

**ചോദ്യം:-** ബ്രാഹ്മണകുട്ടികൾക്ക് ഏത് കാര്യത്തിൽ സ്വയത്തെ വളരെ-വളരെ സംരക്ഷിക്കണം, എന്തുകൊണ്ട്?

**ഉത്തരം:-** മുഴുവൻ ദിവസത്തെയും ദിനചര്യയിൽ യാതൊരു പാപകർമ്മവുമില്ലല്ലോ, ഇതിൽ ശ്രദ്ധിക്കണം, എന്തുകൊണ്ടെന്നാൽ നിങ്ങളുടെയടുത്ത് ബാബ ധർമ്മരാജന്റെ രൂപത്തിൽ നിൽക്കുകയാണ്. പരിശോധിക്കൂ ആർക്കും ദുഃഖമൊന്നും നൽകിയില്ലല്ലോ? ശ്രീമത്തിലൂടെ എത്ര ശതമാനം നടക്കുന്നുണ്ട്? രാവണന്റെ മതത്തിലൂടെ നടക്കുന്നില്ലല്ലോ? കാരണം ബാബയുടെതായി മാറിയതിനു ശേഷം എതെങ്കിലും വികർമ്മമുണ്ടാവുകയാണെങ്കിൽ ഒന്നിന് 100 മടങ്ങായി മാറുന്നു.

**ഓം ശാന്തി.** ഭഗവാനുവാച. ഇതാണെങ്കിൽ കുട്ടികൾക്ക് മനസ്സിലായി കഴിഞ്ഞു, ഏതെങ്കിലും മനുഷ്യനെയോ ദേവതയെയോ ഭഗവാൻ എന്ന് പറയുവാൻ സാധിക്കുകയില്ല. എപ്പോൾ ഇവിടെ ഇരിക്കുകയാണെങ്കിലും ബുദ്ധിയിൽ ഇത് ഉണ്ടായിരിക്കണം നമ്മൾ സംഗമയുഗീ ബ്രാഹ്മണരാണ്. ഇതും ആരുടെയും ഓർമ്മയിൽ സദാ നിൽക്കുന്നില്ല. സ്വയം യഥാർത്ഥ ബ്രാഹ്മണനാണെന്ന് മനസ്സിലാക്കുന്നുമില്ല. ബ്രാഹ്മണ കുട്ടികൾക്ക് പിന്നെ ദൈവീകഗുണങ്ങളും ധാരണ ചെയ്യണം. നമ്മൾ സംഗമയുഗീ ബ്രാഹ്മണരാണ്, നമ്മൾ ശിവബാബയിലൂടെ പുരുഷോത്തമരായി മാറികൊണ്ടിരിക്കുകയാണ്, ഈ ഓർമ്മ പോലും ആരിലും നിലനിൽക്കുന്നില്ല. നമ്മൾ പുരുഷോത്തമ സംഗമയുഗീ ബ്രാഹ്മണരാണെന്ന് ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നു. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കുകയാണെങ്കിൽത്തന്നെ നമ്മുടെ സൗഭാഗ്യം. എപ്പോഴും നമ്പർവൈസായി തന്നെയാണിരിക്കുന്നത്. എല്ലാവരും അവരവരുടെ ബുദ്ധിക്കനുസരിച്ച പുരുഷാർത്ഥികളാണ്. ഇപ്പോൾ നിങ്ങൾ സംഗമയുഗികളാണ്. പുരുഷോത്തമരായി മാറുന്നവരാണ്. അറിയാം നമ്മൾ അപ്പോഴാണ് പുരുഷോത്തമരായി മാറുന്നത് എപ്പോഴാണോ അച്ഛനെ അതായത് അതിസ്നേഹിയായ ബാബയെ ഓർമ്മിക്കുന്നത്. ഓർമ്മയിലൂടെയേ പാപം നശിക്കൂ. അഥവാ ഏതെങ്കിലും പാപം ചെയ്യുകയാണെങ്കിൽ കണക്ക് 100 മടങ്ങ് വർദ്ധിക്കുന്നു. മുമ്പ് ഏത് പാപമാണോ ചെയ്തിരുന്നത് അതിന്റെ 10 ശതമാനമാണ് വർദ്ധിച്ചിരുന്നത്. ഇപ്പോഴാണെങ്കിൽ 100 ശതമാനം വർദ്ധിക്കുന്നു കാരണം ഈശ്വരന്റെതായി മാറിയ ശേഷം പിന്നീട് പാപം ചെയ്യുകയാണല്ലോ. നിങ്ങൾ കുട്ടികൾക്കറിയാം പുരുഷോത്തമനിൽ നിന്ന് ദേവതയാകുന്നതിന് ബാബ നമ്മേ പഠിപ്പിക്കുകയാണ്. ഈ ഓർമ്മ ആരിലാണോ സ്ഥായിയായിരിക്കുന്നത് അവർ അലൗകിക സേവനവും വളരെയധികം ചെയ്തുകൊണ്ടിരിക്കും. സദാ ഹർഷിതരായിരിക്കുന്നതിന് വേണ്ടി മറ്റുള്ളവർക്കും വഴി പറഞ്ഞുകൊടുക്കണം. എവിടെ പോവുകയാണെങ്കിലും ബുദ്ധിയിൽ ഇത് ഓർമ്മയുണ്ടായിരിക്കണം നമ്മൾ സംഗമയുഗത്തിലാണ്. ഇത് പുരുഷോത്തമ സംഗമയുഗമാണ്. അവർ പുരുഷോത്തമ മാസം അഥവാ വർഷമെന്ന് പറയുന്നു. നിങ്ങൾ പറയുന്നു നമ്മൾ പുരുഷോത്തമ സംഗമയുഗീ ബ്രാഹ്മണരാണ്. ഇത് നല്ല രീതിയിൽ ബുദ്ധിയിൽ ധാരണ ചെയ്യണം-ഇപ്പോൾ നമ്മൾ പുരുഷോത്തമരായി മാറുന്നതിന്റെ യാത്രയിലാണ്. ഇത് ഓർമ്മയുണ്ടായിരിക്കുകയാണെങ്കിൽ മന്മനാഭവയായി. നിങ്ങൾ പുരുഷോത്തമരായി മാറികൊണ്ടിരിക്കുകയാണ്, പുരുഷാർത്ഥത്തിനും കർമ്മത്തിനുമനുസരിച്ച്. ദൈവീക ഗുണങ്ങളും വേണം ശ്രീമതത്തിലൂടെ നടക്കുകയും വേണം. തന്റെ മതത്തിലൂടെ എല്ലാ മനുഷ്യരും നടക്കുന്നുണ്ട്. അത് രാവണ മതമാണ്. ഇങ്ങനെയുമല്ല, നിങ്ങൾ എല്ലാവരും ശ്രീമതത്തിലൂടെ നടക്കുന്നു. രാവണ മതത്തിലൂടെയും നടക്കുന്ന ഒരുപാട് പേരുണ്ട്. ശ്രീമതത്തിലൂടെ ചിലർ എത്ര ശതമാനം നടക്കുന്നു, ചിലർ എത്ര. ചിലർ 2 ശതമാനമെങ്കിലും നടക്കുന്നുണ്ട്. ഇവിടെ ഇരിക്കുകയാണെങ്കിൽ പോലും ശിവബാബയുടെ ഓർമ്മയുണ്ടാവുന്നില്ല. അവിടെയും ഇവിടെയും ബുദ്ധിയോഗം അലയുന്നു. ദിവസവും സ്വയം നോക്കണം ഇന്ന് ഒരു പാപകർമ്മവും ചെയ്തില്ലല്ലോ? ആർക്കും ദുഃഖം നൽകിയില്ലല്ലോ? തന്റെ മേൽ വളരെ ശ്രദ്ധ ഉണ്ടായിരിക്കണം കാരണം ധർമ്മരാജനും നിൽക്കുകയാണല്ലോ. ഇപ്പോഴത്തെ സമയം തന്നെ കർമ്മ കണക്ക് ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ളതാണ്. ശിക്ഷകളും അനുഭവിക്കേണ്ടി വരും. കുട്ടികൾക്കറിയാം നമ്മൾ ജന്മ ജന്മാന്തരത്തിലെ പാപികളാണ്. എവിടെയെങ്കിലും ഏതെങ്കിലും ക്ഷേത്രത്തിൽ അഥവാ ഗുരുവിന്റെ സമീപം അല്ലെങ്കിൽ ഏതെങ്കിലും ഇഷ്ട ദേവതയുടെ സമീപം പോവുകയാണെങ്കിൽ പറയുന്നു ഞങ്ങളാണെങ്കിൽ ജന്മ ജന്മാന്തരങ്ങളിലെ പാപിയാണ്, എന്റെ രക്ഷ ചെയ്യൂ, ദയ കാണിക്കൂ. സംഗമയുഗത്തിൽ ഒരിക്കലും ഇങ്ങനെയുള്ള വാക്കുകൾ വരികയില്ല. ചിലർ സത്യം പറയുന്നു, ചിലരാണെങ്കിൽ അസത്യം പറയുന്നു. ഇവിടെയും അങ്ങനെ തന്നെയാണ്. ബാബ

എപ്പോഴും പറയുന്നുണ്ട് തന്റെ ജീവിത കഥ ബാബയ്ക്ക് എഴുതി അയക്കൂ. ചിലരാണെങ്കിൽ തികച്ചും സത്യമെഴുതുന്നു, ചിലർ ഒളിക്കുന്നുമുണ്ട്. ലജ്ജ വരുന്നു. ഇതും അറിയുന്നുണ്ട് – മോശമായ കർമ്മം ചെയ്യുന്നതിലൂടെ അതിന്റെ ഫലവും മോശമായത് ലഭിക്കും. അതാണെങ്കിൽ അല്പകാലത്തിന്റെ കാര്യമാണ്. ഇതാണെങ്കിൽ ഒരുപാട് കാലത്തെ കാര്യമാണ്. മോശമായ കർമ്മം ചെയ്യുകയാണെങ്കിൽ ശിക്ഷയും അനുഭവിക്കും പിന്നീട് സ്വർഗ്ഗത്തിൽ വളരെ അവസാനം വരും. ഇപ്പോൾ മുഴുവൻ കാര്യവും അറിയാൻ കഴിയുന്നുണ്ട് ആരാരെല്ലാം പുരുഷോത്തമരായി മാറുന്നു. അത് പുരുഷോത്തമ ദൈവീക രാജ്യമാണ്. ഉത്തമത്തിലും ഉത്തമ പുരുഷനായി മാറുകയാണല്ലോ. മറ്റൊരു സ്ഥലത്തും ഇങ്ങനെ ആരുടെയും മഹിമ ചെയ്യുകയില്ല. മനുഷ്യരാണെങ്കിൽ ദേവതകളുടെ ഗുണത്തെക്കുറിച്ചും അറിയുന്നില്ല. കേവലം മഹിമ പാടുന്നുണ്ട് പക്ഷെ തത്തയെ പോലെ. ബാബയും പറയുന്നു ഭക്തർക്ക് മനസ്സിലാക്കി കൊടുക്കൂ. ഭക്തർ സ്വയം പാപിയും നീചനുമെന്ന് പറയുമ്പോൾ അവരോട് ചോദിക്കൂ നിങ്ങൾ ശാന്തീ ധാമത്തിലായിരുന്നപ്പോൾ അവിടെ പാപം ചെയ്തിരുന്നോ? അവിടെയാണെങ്കിൽ എല്ലാ ആത്മാക്കളും പവിത്രമായാണിരിക്കുന്നത്. ഇവിടെ അപവിത്രമായിരിക്കുന്നു കാരണം തമോപ്രധാന ലോകമാണ്. പുതിയ ലോകത്തിലാണെങ്കിൽ പവിത്രമായിരിക്കുന്നു. അപവിത്രമാക്കി മാറ്റുന്നത് രാവണനാണ്.

ഈ സമയം ഭാരതം മാത്രമല്ല മുഴുവൻ ലോകത്തിലും രാവണ രാജ്യമാണ്. എങ്ങനെയാണോ രാജാവും റാണിയും അതുപോലെയാണ് പ്രജയും. ഏറ്റവും ഉയർന്നവരും താഴ്ന്നവരും. ഇവിടെ എല്ലാം പതിതമാണ്. ബാബ പറയുന്നു, ഞാൻ നിങ്ങളെ പാവനമാക്കി മാറ്റി പോകുന്നു പിന്നെ നിങ്ങളെ ആരാണ് പതിതമാക്കി മാറ്റുന്നത്? രാവണൻ. ഇപ്പോൾ വീണ്ടും നിങ്ങൾ എന്റെ മതത്തിലൂടെ പാവനമായി മാറികൊണ്ടിരിക്കുകയാണ് പിന്നീട് പകുതി കല്പത്തിന് ശേഷം രാവണന്റെ മതത്തിലൂടെ പതിതരായി മാറും അർത്ഥം ദേഹാഭിമാനത്തിൽ വന്ന് വികാരത്തിന് വശപ്പെട്ടു പോകുന്നു. അതിനെ ആസുരീയ മതമെന്ന് പറയുന്നു. ഭാരതം പാവനമായിരുന്നു ഇപ്പോൾ പതിതമായി മാറിയിരിക്കുന്നു വീണ്ടും പാവനമായി മാറണം. പാവനമാക്കി മാറ്റുന്നതിന് വേണ്ടി പതിത പാവനനായ ബാബയ്ക്ക് വരേണ്ടി വന്നു. ഈ സമയം നോക്കൂ എത്രയധികം മനുഷ്യരാണ്. നാളെ എത്രയാകും! യുദ്ധമുണ്ടാകും, മരണമാണെങ്കിൽ മുന്നിൽ നിൽക്കുകയാണ്. നാളെ ഇത്രയും എല്ലാവരും എവിടെയ്ക്ക് പോകും? എല്ലാവരുടെ ശരീരവും ഈ പഴയ ലോകവും വിനാശമാകുന്നു. ഈ രഹസ്യം ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട്– നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച്. നമ്മൾ ആരുടെ സന്മുഖത്താണിരിക്കുന്നത്, അതും ആരും മനസ്സിലാക്കുന്നില്ല. ഏറ്റവും കുറഞ്ഞ പദവി നേടുന്നവരാണ്. ഡ്രാമയനുസരിച്ച് എന്ത് തന്നെ ചെയ്യാൻ കഴിയും, ഭാഗ്യത്തിലില്ല. ഇപ്പോൾ കുട്ടികൾക്ക് സർവ്വീസ് ചെയ്യണം, ബാബയെ ഓർമ്മിക്കണം. നിങ്ങൾ സംഗമയുഗീ ബ്രാഹ്മണരാണ്, നിങ്ങൾക്ക് ബാബയ്ക്ക് സമാനം ജ്ഞാന സാഗരം, സുഖത്തിന്റെ സാഗരമായി മാറണം. ആക്കി മാറ്റുന്ന ബാബയെ ലഭിച്ചല്ലോ. ദേവതകളുടെ മഹിമ പാടപ്പെടുന്നുണ്ട് സർവ്വഗുണ സമ്പന്നൻ..... ഇപ്പോഴാണെങ്കിൽ ഈ ഗുണങ്ങളുള്ള ആരും തന്നെയില്ല. സ്വയത്തോട് സദാ ചോദിച്ചുകൊണ്ടിരിക്കൂ– നമ്മൾ ഉയർന്ന പദവി നേടുന്നതിനു എത്രത്തോളം യോഗ്യരായി? സംഗമയുഗത്തെ നല്ല രീതിയിൽ ഓർമ്മിക്കൂ. നമ്മൾ സംഗമ യുഗീ ബ്രാഹ്മണൻ പുരുഷോത്തമനായി മാറുന്നവരാണ്. ശ്രീകൃഷ്ണൻ പുരുഷോത്തമനാണല്ലോ, പുതിയ ലോകത്തിന്റെ. കുട്ടികൾക്കറിയാം നമ്മൾ ബാബയുടെ സന്മുഖത്തിരിക്കുകയാണ്, അതിനാൽ ഒന്നുകൂടി കൂടുതൽ പഠിക്കണം. പഠിപ്പിക്കുകയും വേണം. പഠിപ്പിക്കുന്നില്ലായെങ്കിൽ അറിയാൻ സാധിക്കും പഠിക്കുന്നില്ലായെന്ന്. ബുദ്ധിയിലിരിക്കുന്നില്ല. 5 ശതമാനം പോലും ഇരിക്കുന്നില്ല. ഇതും ഓർമ്മയിലുണ്ടായിരിക്കുകയില്ല നമ്മൾ സംഗമയുഗീ ബ്രാഹ്മണരാണെന്ന്. ബുദ്ധിയിൽ ബാബയുടെ ഓർമ്മയുമുണ്ടായിരിക്കണം ചക്രവും കറക്കികൊണ്ടിരിക്കണം, അപ്പോൾ മനസ്സിലാക്കി കൊടുക്കുക വളരെ സഹജമാണ്. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ബാബയാണ് ഏറ്റവും ഉയർന്ന അച്ഛൻ. ബാബ പറയുന്നു എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. നമ്മൾ തന്നെയാണ് പൂജ്യർ, നമ്മൾ തന്നെയാണ് പൂജാരി, ഈ മന്ത്രം വളരെ നല്ലതാണ്. അവർ പിന്നെ പറയുന്നു ആത്മാവ് തന്നെയാണ് പരമാത്മാവെന്ന്, എന്താണോ പറയുന്നത് അത് തികച്ചും തെറ്റാണ്. നമ്മൾ പവിത്രമായിരുന്നു, 84 ജന്മത്തിന്റെ ചക്രം കറക്കി ഇപ്പോൾ ഇങ്ങനെയായി മാറിയിരിക്കുന്നു. ഇപ്പോൾ നമുക്ക് തിരിച്ച് പോകണം. ഇന്ന് ഇവിടെ, നാളെ വീട്ടിലേയ്ക്ക് പോകും. നമ്മൾ പരിധിയില്ലാത്ത ബാബയുടെ വീട്ടിലേയ്ക്ക് പോകുന്നു. ഇത് പരിധിയില്ലാത്ത നാടകമാണ് അതിപ്പോൾ ആവർത്തിക്കുകയാണ്. ബാബ പറയുന്നു ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധത്തേയും മറന്ന് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ഇപ്പോൾ നമ്മൾ ഈ ശരീരത്തെ ഉപേക്ഷിച്ച് വീട്ടിലേയ്ക്ക് പോകുന്നു, ഈ ഓർമ്മ ഉറച്ചതാക്കൂ, ഞാൻ ആത്മാവാണ്– ഇതും ഓർമ്മയുണ്ടായിരിക്കുകയും തന്റെ വീടിനെയും ഓർമ്മയുണ്ടായിരിക്കുകയുമാണെങ്കിൽ ബുദ്ധിയിൽ നിന്ന് മുഴുവൻ ലോകത്തെയും സന്യാസം ചെയ്യാൻ പറ്റും. ശരീരത്തിന്റെയും സന്യാസം, അതിനാൽ എല്ലാത്തിന്റെയും സന്യാസം. ആ ഹഠയോഗികൾ മുഴുവൻ ലോകത്തിന്റെയും സന്യാസം ചെയ്യുന്നില്ല, അവരുടെത് പാതിയാണ്. നിങ്ങൾക്കാണെങ്കിൽ മുഴുവൻ ലോകത്തെയും ത്യാഗം ചെയ്യണം,

സ്വയത്തെ ദേഹമെന്ന് മനസ്സിലാക്കുന്നതുകൊണ്ട് പിന്നെ പ്രവൃത്തിയും അങ്ങനെയുള്ളത് ചെയ്യുന്നു. ദേഹാഭിമാനിയാകുന്നതുകൊണ്ട് മോഷണം- കള്ളം, അസത്യം പറയുക, പാപം ചെയ്യുക...... ഈ എല്ലാ സ്വഭാവവും ഉണ്ടാകുന്നു. ഒച്ചവെച്ച് സംസാരിക്കുന്നതിന്റെ സ്വഭാവവും ഉണ്ടാകുന്നു, എന്നിട്ട് പറയും എന്റെ ശബ്ദം തന്നെ അങ്ങനെയാണ്. ദിവസത്തിൽ 25-30 പാപവും ചെയ്യുന്നു. അസത്യം പറയുന്നതും പാപമാണല്ലോ. സ്വഭാവമായി മാറുന്നു. ബാബ പറയുന്നു- ശബ്ദം കുറയ്ക്കാൻ പഠിക്കൂ. ശബ്ദം കുറയ്ക്കുന്നതിൽ ഒരിക്കലും വൈകരുത്. നായയെ പാലിക്കുന്നതും നല്ലതായി അനുഭപ്പെടുന്നു, കുരങ്ങ് എത്ര പരാക്രമിയാണ് പിന്നീട് ആരോടെങ്കിലും ഇഷ്ടമുണ്ടെങ്കിൽ ഡാൻസെല്ലാം ചെയ്യുന്നു. മൃഗങ്ങളും പരിവർത്തനപ്പെടുന്നു. മൃഗങ്ങളെ മാറ്റുന്നത് മനുഷ്യനാണ്. മനുഷ്യരെ പരിവർത്തനപ്പെടുത്തുന്നത് ബാബയാണ്. ബാബ പറയുകയാണ് നിങ്ങളും മൃഗങ്ങളെ പോലെയാണ് അതുകൊണ്ടാണ് എന്നെ നിങ്ങൾ കൂർമ്മാവതാരം, വരാഹാവതാരം എന്നെല്ലാം പറയുന്നത്. എങ്ങനെയാണോ നിങ്ങളുടെ പ്രവൃത്തികൾ, അതിലൂടെ എന്റെ പേരും മോശമാകുന്നു. ഇതും നിങ്ങൾക്കേ അറിയൂ, ലോകത്തിലുള്ളവർക്ക് അറിയുകയില്ല. അവസാനം നിങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാകും. എങ്ങനെയെല്ലാം ശിക്ഷകൾ അനുഭവിക്കുന്നു, അതും നിങ്ങൾക്ക് അറിയാൻ സാധിക്കും. പകുതി കല്പം ഭക്തി ചെയ്തു, ഇപ്പോൾ ബാബയെ ലഭിച്ചിരിക്കുകയാണ്. ബാബ പറയുകയാണ് എന്റെ മതത്തിലൂടെ നടക്കുന്നില്ലായെങ്കിൽ ശിക്ഷ ഒന്നു കൂടി വർദ്ധിക്കും അതുകൊണ്ട് ഇപ്പോൾ പാപം ചെയ്യുന്നത് ഉപേക്ഷിക്കൂ. തന്റെ ചാർട്ട് വെയ്ക്കൂ ഒപ്പം തന്നെ ധാരണയും ഉണ്ടായിരിക്കണം. മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിന്റെ പ്രാക്ടീസും ഉണ്ടായിരിക്കണം. പ്രദർശിനിയിലെ ചിത്രങ്ങളുടെ മേൽ ശ്രദ്ധ കൊടുക്കൂ. ആർക്ക് നമ്മൾ എങ്ങനെ മനസ്സിലാക്കി കൊടുക്കും. ആദ്യമാദ്യത്തെ കാര്യം ഇതെടുക്കൂ- ഗീതയുടെ ഭഗവാൻ ആരാണ്? ജ്ഞാനത്തിന്റെ സാഗരൻ പതിത പാവനൻ പരംപിതാ പരമാത്മാവാണല്ലോ. ഈ ബാബ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്. അതിനാൽ ബാബയുടെ പരിചയം വേണമല്ലോ. ഋഷി-മുനിമാർക്കൊന്നും ബാബയുടെ പരിചയമില്ല, രചനയുടെ ആദി-മധ്യ-അന്ത്യത്തിന്റെയും പരിചയമില്ല അതുകൊണ്ട് ആദ്യമാദ്യം ഇത് മനസ്സിലാക്കി കൊടുത്ത് എഴുതിക്കൂ ഭഗവാൻ ഒന്നു മാത്രമാണ്. വേറെ ആർക്കും ആവാൻ സാധ്യമല്ല. മനുഷ്യർക്ക് സ്വയം ഭഗവാനെന്ന് പറയാൻ സാധിക്കില്ല.
നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ നിശ്ചയമുണ്ട് - ഭഗവാൻ നിരാകാരനാണ്. ബാബ നമ്മേ പഠിപ്പിക്കുകയാണ്. നമ്മൾ വിദ്യാർത്ഥികളാണ്. ബാബ അച്ഛനുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. ഒരാളെ ഓർമ്മിക്കുകയാണെങ്കിൽ ടീച്ചറിനെയും ഗുരുവിനെയും ഓർമ്മ വരും. ബുദ്ധി അലയുകയില്ല. കേവലം ശിവനെന്ന് മാത്രം പറയരുത്, ശിവൻ നമ്മുടെ അച്ഛനുമാണ്, സുപ്രീം ടീച്ചറുമാണ്, നമ്മേ കൂടെ കൊണ്ടുപോവുകയും ചെയ്യും. ആ ഒരാൾക്ക് തന്നെ എത്ര മഹിമയാണ്, ആ ബാബയെ മാത്രം ഓർമ്മിക്കണം. ചിലർ പറയുന്നു ഇവർ ബി.കെ. കളെ തന്റെ ഗുരുവാക്കിയിരിക്കുന്നു. നിങ്ങൾ ഗുരുവാകുന്നുണ്ടല്ലോ. പിന്നീട് നിങ്ങളെ അച്ഛനെന്ന് പറയുകയില്ല. ടീച്ചർ, ഗുരുവെന്ന് പറയും, അച്ഛനെന്ന് പറയില്ല. മൂന്നുമാണെന്ന് ആ ബാബയെ മാത്രമാണ് പറയുക. അത് ഏറ്റവും ഉയർന്ന അച്ഛനാണ്, ഇദ്ദേഹത്തിനും മുകളിലാണ് ആ ബാബ. ഇത് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം. പ്രദർശിനികളിൽ മനസ്സിലാക്കി കൊടുക്കുന്നതിനുള്ള ബുദ്ധിയുണ്ടായിരിക്കണം. എന്നാൽ സ്വയം ഇത്രയും ധൈര്യമുണ്ടെന്ന് കരുതുന്നില്ല. വലിയ വലിയ പ്രദർശിനികളുണ്ടാകുമ്പോൾ ആരാണോ നല്ല നല്ല സർവ്വീസബിൾ കുട്ടികൾ, അവർ പോയി സർവ്വീസ് ചെയ്യണം. ബാബ ഒരിക്കലും വേണ്ടെന്ന് പറയുന്നില്ല. മുന്നോട്ട് പോകുമ്പോൾ സന്യാസിമാർക്കെല്ലാം നിങ്ങൾ ജ്ഞാന ബാണം എയ്ത് കൊണ്ടിരിക്കും. എവിടെയ്ക്ക് പോകാനാണ്! ഒരേയൊരു കടയാണ്. എല്ലാവരുടെയും സദ്ഗതി ഈ കടയിൽ നിന്നാണ് ഉണ്ടാവുന്നത്. ഈ കട ഇങ്ങനെയുള്ളതാണ്, നിങ്ങൾ എല്ലാവർക്കും പവിത്രമായി മാറാനുള്ള വഴി പറഞ്ഞു തരുന്നു പിന്നീട് മാറിയാലും ശരി, ഇല്ലെങ്കിലും ശരി.

നിങ്ങൾ കുട്ടികളുടെ വിശേഷ ശ്രദ്ധ സർവ്വീസിലായിരിക്കണം. അഥവാ കുട്ടികൾ വിവേകശാലികളാണ് പക്ഷെ സർവ്വീസ് പൂർത്തിയാക്കുന്നില്ലായെങ്കിൽ ബാബ മനസ്സിലാക്കുന്നു രാഹുവിന്റെ ദശ പിടിച്ചിരിക്കുകയാണ്. ദശകൾ എല്ലാവരിലും കറങ്ങുന്നുണ്ടല്ലോ. മായയുടെ നിഴലിൽ പെട്ടുപോകുന്നു പിന്നീട് രണ്ടു ദിവസത്തിന് ശേഷം ശരിയാകുന്നു. കുട്ടികൾക്ക് സർവ്വീസിന്റെ അനുഭവം നേടിയിട്ട് വരണം. പ്രദർശിനിയെല്ലാം ചെയ്തുകൊണ്ടേയിരിക്കുന്നുണ്ട്, എന്നിട്ടും എന്തുകൊണ്ട് മനുഷ്യർ മനസ്സിലാക്കി പെട്ടെന്ന് എഴുതുന്നില്ല ഗീത കൃഷ്ണന്റെയല്ല, ശിവ ഭഗവാൻ ഉച്ചരിച്ചതാണെന്ന്. ചിലാരാണെങ്കിൽ കേവലം പറയുന്നു ഇത് വളരെ നല്ലതാണ്, മനുഷ്യർക്ക് വേണ്ടി വളരെ മംഗളകാരിയാണ്, എല്ലാവർക്കും കാണിച്ചുകൊടുക്കണം. പക്ഷെ ഞാനും ഈ സമ്പത്ത് നേടും....... ഇങ്ങനെ ആരും പറയുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ദേഹാഭിമാനത്തിൽ വന്ന് ഉറക്കെ സംസാരിക്കരുത്. ഈ സ്വഭാവത്തെ കളയണം. മോഷ്ടിക്കുക, അസത്യം പറയുക..... ഇതെല്ലാം പാപമാണ്, ഇതിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ദേഹീ അഭിമാനിയായിരിക്കണം.

2) മരണം തൊട്ടുമുന്നിലാണ് അതുകൊണ്ട് ബാബയുടെ ശ്രീമതത്തിലൂടെ നടന്ന് പാവനമായി മാറണം. ബാബയുടെതായി മാറിയതിനു ശേഷം യാതൊരു മോശമായ കർമ്മവും ചെയ്യരുത്. ശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

### വരാദാനം:- ലോക പ്രിയ സഭയുടെ ടിക്കറ്റ് ബുക്ക് ചെയ്യുന്ന രാജ്യ സിംഹാസന അധികാരിയായി ഭവിക്കൂ

ഏതൊരു സങ്കൽപം അല്ലെങ്കിൽ വിചാരം നടത്തുമ്പോഴും ആദ്യം പരിശോധിക്കൂ ഈ വിചാരം അഥവാ സങ്കൽപം ബാബയ്ക്ക് പ്രിയപ്പെട്ടതാണോ? എന്താണോ പ്രഭു പ്രിയമായിട്ടുള്ളത് അത് ലോക പ്രിയമായി സ്വതവേ മാറുന്നു. അഥവാ ഏതെങ്കിലും സങ്കൽപത്തിൽ സ്വാർത്ഥതയുണ്ടെങ്കിൽ അതിനെ മനോപ്രിയമെന്ന് പറയും അതുപോലെ വിശ്വ മംഗളാർത്ഥമാണെങ്കിൽ ലോക പ്രിയം അല്ലെങ്കിൽ പ്രഭു പ്രിയമെന്ന് പറയും. ലോക പ്രിയ സഭയുടെ അംഗമാകുക അർത്ഥം നിയമ വ്യവസ്ഥയുള്ള രാജ്യ അധികാരം അഥവാ രാജ്യ സിഹാസനം പ്രാപ്തമാക്കുക.

### സ്ലോഗൻ:- പരമാത്മാ കൂട്ടുകെട്ടിന്റെ അനുഭവം ചെയ്യൂ എങ്കിൽ എല്ലാം സഹജമായി അനുഭവം ചെയ്ത് സുരക്ഷിതമായിരിക്കും.

**അവ്യക്ത സൂചന - കമ്പൈൻഡ് രൂപ സ്മൃതിയിലൂടെ സദാ വിജയിയാകൂ**
ഏതുപോലെയാണോ ശിവ-ശക്തി കമ്പൈഡ് രൂപമായിട്ടുള്ളത് അതുപോലെ പാണ്ഢവപതിയും പാണ്ഢവരും ഇത് സദാ കാലത്തെ കമ്പൈഡ് രൂപമാണ്. പാണ്ഢവപതിക്ക് പാണ്ഢവരെ കൂടാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. ആരാണോ ഇങ്ങനെ കമ്പൈഡ് രൂപത്തിൽ സദാ കഴിയുന്നത് അവരുടെ മുന്നിൽ ബാപ്ദാദ സാകാരത്തിലേതു പോലെ എല്ലാ സംബന്ധങ്ങളോടെയും മുന്നിലുണ്ടയിരിക്കും. എവിടെ വിളിക്കുന്നോ അവിടെ സെക്കന്റിൽ ഹാജരാകും അതുകൊണ്ടാണ് പറയുന്നത് ഹാജിർ ഹസൂർ.